# 'നല്ല ഇടയൻ നമ്മുടെ യേശു'

## യെശയ്യാവ് 40:11

"ഒരു ഇടയെനപ്പോലെ അവൻ തന്റെ ആട്ടിൻ കൂട്ടത്തെ മേയിക്കുകയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്ത് മാറിടത്തിൽ ചേർത്ത് വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും"

ആടുകളാകുന്ന നാമോരോരുത്തർക്കും വേണ്ടി സ്വന്ത ജീവനെ ഏല്പിച്ചുകൊടുത്ത നല്ല ഇടയനാണ് നമ്മുടെ കർത്താവ്. നമ്മുടെ ജീവിതത്തിൽ ആ നല്ല ഇടയനെ മാത്രം അനുഗമിക്കുവാൻ ഇറങ്ങിത്തിരിക്കുമ്പോൾ നമുക്ക് ഒന്നിനെക്കുറിച്ചും വിചാരപ്പെടേണ്ട ആവശ്യമില്ല. ദൈവത്തിന്റെ വചനം നമുക്ക് ഉറപ്പ് തരുന്നത് അതാകുന്നു. ഏതു കൂരിരുൾ നിറഞ്ഞ പാതയായാലും ക്രൂരമായ ശോധനയിലും അവിടെയെല്ലാം ആ നല്ല ഇടയൻ തന്റെ വടിയും കോലും കൊണ്ട് നമ്മെ നേർവഴിക്ക് നയിക്കുന്നു.

പലപ്പോഴും ദൈവസന്നിധിവിട്ട് അല്പമൊക്കെ മാറിപ്പോകുമ്പോഴും നിരാശിതരായി വാടിതളരുമ്പോഴും ആ നല്ല ഇടയൻ 99 ആടുകളെ വിട്ടിട്ട് കാണാതെപോയ തെറ്റിപ്പോയ നമ്മെ തേടി വരുന്നു. ആ സ്നേഹത്തെ എത്ര വാഴ്ത്തിയാലും മതിയാകുന്നില്ല. നാമാരും നശിച്ചുപോകുവാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല. തന്റെ അടുക്കൽ വരുന്നവരെ ഒരു നാളും തള്ളിക്കളയുകയോ ഉപേക്ഷിക്കുകയോ ചെയ്യാത്തവനാണ് നമ്മുടെ നല്ല ഇടയൻ.

ദൈവം നമ്മെ സൃഷ്ടിടിച്ചപ്പോൾ നമ്മെക്കുറിച്ച് അവിടുത്തേക്ക് ഒരു ഉദ്ദേശ്യമുണ്ട്. അത് തിന്മക്കല്ല നന്മക്കത്രെയാകുന്നുവെന്ന് **യിരമ്യാവ് 29:11** പറയുന്നു. ആ നന്മയെ ലക്ഷ്യമാക്കാതെ നമ്മുടെ ചിന്തകൾക്കും താല്പര്യങ്ങൾക്കും പുറകെയുള്ള നന്മ ലക്ഷ്യമാക്കി യാത്ര ചെയ്യുമ്പോൾ പലപ്പോഴും നന്മക്കെന്ന് തോന്നിയതുപോലും തിന്മക്കായി ഭവിക്കുവാൻ ഇടയാകും.

**Psalms 23** "യഹോവ എന്റെ ഇടയനാകുന്നു എനിക്ക് മുട്ടുണ്ടാകയില്ല". ഒരു ദൈവപൈതലിന്റെ ഇടയനായി കർത്താവിനെ സ്വീകരിക്കുമ്പോൾ സ്വസ്ഥതയുള്ള സമാധാനമുള്ള ഒരു ജീവിതം ദൈവം നൽകുന്നു. പരിശുദ്ധാത്മാവാകുന്ന നദിയുടെ അനുഭവം ജീവിതത്തിൽ ഉണ്ടാകുമ്പോൾ ആത്മാവിന്റെ നല്ല ഫലങ്ങൾ നമ്മിൽ നിന്നും പുറപ്പെട്ട് നാം ഒരു അനുഗ്രഹമായിത്തീരുവാൻ ഇടയാകുന്നു. നന്മയും കരുണയും നമ്മെ പിന്തുടരുവാൻ കാരണം ആ നല്ല ഇടയനെ പിൻഗമിക്കുന്നു എന്നതുകൊണ്ട് മാത്രമാണ്.

നിത്യതയോളം നമ്മെ വഴിനയിക്കുന്ന നല്ല ഇടയനാകുന്ന കർത്താവിനെ നമുക്ക് ലഭിച്ചതിൽ പരമായിട്ടൊന്നും തന്നെ ഈ മനുഷ്യജീവിതത്തിൽ ശ്രേഷ്ഠമായിട്ടില്ല.

ഫിലിപ്പിയർ 4:6 ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും സ്തോത്രമത്രെ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവികസമാധാനം നമ്മുടെ ഹൃദയത്തെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും. ഒരു ഇടയന്റെ പിറകെ പോകുന്ന ആടിന് മറ്റൊന്നും വിചാരമില്ല. ഇടയൻ പോകുന്ന വഴിയേപോയി സുഖമായി തീറ്റതിന്നു കൊണ്ട് മേച്ചിൽ പുറങ്ങൾ താണ്ടി സ്വസ്തതയോടെ സന്തോഷത്തോടെ ചാഞ്ചാടി നടക്കുന്ന ഒരു ആടിനെ പോലെയാകണമെന്നാണ് വാസ്തവത്തിൽ ഒരു ദൈവപൈതലിനെക്കുറിച്ച് നമ്മുടെ ഇടയനാകുന്ന ദൈവം ആഗ്രഹിക്കുന്നത്.

സകലചിന്താകുലങ്ങളും കർത്താവിന്റെ പക്കൽ ഏല്പിച്ചുകൊണ്ട് സമാധാനത്തോടെ വിശ്വാസജീവിതം മുമ്പോട്ടു നയിക്കാം. നല്ല ഇടയൻ ഏത് കൂരിരുൾ നിറഞ്ഞ പാതയിലും നമുക്ക് മുമ്പേ പോയി ദുർഘടങ്ങളെ നിരപ്പാക്കി താമ്രവാതിലുകളെ തകർത്ത് ഇരുമ്പോടാമ്പലുകളെ ഖണ്ഡിച്ചുകളയുവാൻ ശക്തനായവനാണ്. നമ്മുടെ വഴിയെ നിരപ്പാക്കി കരംപിടിച്ച് എത്തേണ്ടിടത്ത് എത്തിക്കുവാൻ കഴിവുള്ള നല്ല ഇടയൻ നമ്മുടെ കർത്താവായ യേശുക്രിസ്തു മാത്രമാണ്.

വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ ആ നല്ല ഇടയനെ മാത്രം നോക്കി യാത്ര തുടരാം. അതിനായി ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.

പരാമർശം :
സങ്കീർത്തനം 100:3

“യഹോവ തന്നേ ദൈവം എന്നറിയുവിൻ; അവൻ നമ്മെ ഉണ്ടാക്കി: നാം അവനുള്ളവർ ആകുന്നു; അവന്റ ജനവും അവൻ മേയിക്കുന്ന ആടുകളും തന്നേ.”

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 047